മാതൃഭൂമി 2017 • ഫെബ്രുവരി 18 • ശനിയാഴ്ച
www.mathrubhumi.com

# നവ സംരംഭകർക്ക് ബജറ്റിൽ മുൻഗണന വേണം -ഐ.എസ്.ഇ.ഡി.

**കൊച്ചി:** നവ സംരംഭക രംഗത്ത് കേരളത്തിലെ വിപുലമായ സാധ്യതകളെപ്പറ്റി സമഗ്രമായി പ്രതിപാദിക്കുന്ന പ്രീ-ബജറ്റ് നിവേദനം കൊച്ചി കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മോൾ എൻറർപ്രൈസസ് ആൻഡ് ഡവലപ്മെൻറ് ധനമന്ത്രി ടി.എം. തോമസ് ഐസക്കിന് സമർപ്പിച്ചു.

ഇൻസ്റ്റിറ്റ്യൂട്ടിൻെറ ശുപാർശകരം ഡയറക്ടർ പി.എം. മാത്യു, കൺസൾട്ടൻറും സിഡ്ബി മുൻ ചീഫ് ജനറൽ മാനേജരുമായ കെ.എം. നായരും ചേർന്നാണ് സമർപ്പിച്ചത്.

വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഹരിത കേരളം, ജനകീയാസൂത്രണം, ശുചിത്വ മിഷൻ തുടങ്ങിയ നിലവിലുള്ള നിരവധി പദ്ധതികളെ ക്രോഡീകരിച്ച് ഒരു 'സാമൂഹ്യ സംരംഭ വികസന' പദ്ധതി കൊണ്ടുവരാൻ ശുപാർശ ചെയ്യുന്നു.

കേരള വികസന മാതൃകയുടെ ഗുണമേന്മ വർധിപ്പിക്കാനുതകുന്ന വിധത്തിൽ സമഗ്രസ്വഭാവമുള്ള പദ്ധതികരം നടപ്പാക്കണമെങ്കിൽ സാമൂഹ്യ സംരംഭങ്ങളെ സംബന്ധിച്ച ഒരു പുതിയ കാഴ്ചപ്പാടും ഔദ്യോഗിക നയവും പ്രഖ്യാപിക്കേണ്ടതുണ്ടെന്നും ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യപ്പെട്ടു.